6
MONDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER


## മാപ്പിളപ്പാട്ട് ഗായകൻ എരഞ്ഞോളി മൂസ (79) അന്തരിച്ചു.



ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്നു ചികിൽസയിലായിരുന്നു. എരഞ്ഞോളി വലിയകത്തെ ആസിയയുടെയും അബ്ദുവിന്റെയും മകനായി ജനിച്ച മൂസ മിഅ്റാജ് രാവിലെ കാറ്റേ, മാണിക്യ മലരായ പൂവി തുടങ്ങി നൂറുകണക്കിനു ഹിറ്റ് മാപ്പിളപ്പാട്ടുകൾക്കു ശബ്ദം നൽകിയിട്ടുണ്ട്.

## ഇറാനിലേക്ക് യു എസ്സിന്റെ ആയുധപ്പട



ഇറാന് ശക്തമായ താക്കീതുമായി വിമാനവാഹിനി യുദ്ധക്കപ്പലും ബോംബർ ടാസ്ക് ഫോഴ്സിനെയും മധ്യപൂർവേഷ്യയിലേക്ക് അയക്കാൻ യുഎസ്. വ്യക്തമായ സന്ദേശം ഇറാന് നൽകുകയാണു ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജോൺ ബോൾട്ടൻ പറഞ്ഞു.

## റഷ്യയിൽ വിമാനത്തിന് തീ പിടിച്ചു; 41 മരണം.



തീ ആളിപ്പടർന്നതിനു പിന്നാലെ മോസ്കോയിലെ ഏറ്റവും തിരക്കേറിയ ഷെറെമെറ്റിയേവോ രാജ്യാന്തര വിമാനത്താവളത്തിൽ അടിയന്തിര ലാൻഡിങ് നടത്തുകയായിരുന്നു

ആഭ്യന്തര സർവീസ് നടത്തുന്ന റഷ്യൻ നിർമിത സുഖോയ് സൂപ്പർജെറ്റ് 100 ശ്രേണിയിലുള്ള വിമാനമാണു അപകടത്തിൽ പെട്ടത്.

6
MONDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


## വൃത്തിക്കുറവ്
## അബുദാബിയിൽ 2 റെസ്റ്റോറൻറുകൾ പൂട്ടിച്ചു




മുന്നറിയിപ്പ് നൽകിയിട്ടും വൃത്തിഹീനമായ സാഹചര്യം തുടരുന്നതിനാലാണ് മേലിയസ്, മിനാ ഗൾഫ്, ഗ്രിൽ ഫിഷ് എന്നീ സ്ഥാപനങ്ങൾ പൂട്ടാൻ അബുദാബി ഫുഡ് കണ്ട്രോൾ അതോരിറ്റി ഉത്തരവിട്ടത്.

## എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചു;

**98.11 % ശതമാനം വിജയം**

37,334 പേർക്ക് എല്ലാവിഷയങ്ങളിലും എ പ്ലസ്.
കൂടുതൽ എ പ്ലസ് മലപ്പുറം ജില്ലയിൽ.



## ശ്രീലങ്കയിൽ മതപണ്ഡിതരെ വിലക്കുന്നു.



കൊളംബോയിൽ ഈസ്റ്റർ ദിനത്തിലുണ്ടായ ഭീകരാക്രമണത്തിനു ശേഷം ശ്രീലങ്കയിൽ നിന്ന് 200 മതപണ്ഡിതരടക്കം 600 വിദേശികളെ പുറത്താക്കി. എന്നാൽ, വിസ കാലാവധി കഴിഞ്ഞിട്ടും രാജ്യത്ത് താമസിക്കുന്നവരെയാണ് പുറത്താക്കിയതെന്ന് ആഭ്യന്തര മന്ത്രി വജിറ അബയ്വർധന പറഞ്ഞു.

## അയ്യപ്പക്ഷേത്രത്തിൽ രാഷ്ട്രീയ പ്രസംഗം നടത്താൻ ശ്രമം : ശോഭ സുരേന്ദ്രനെ തടഞ്ഞു



ഡൽഹിയിൽ രോഹിണി സെക്ടറിലുള്ള അയ്യപ്പക്ഷേത്രത്തിൽ ഉച്ചയ്ക്ക് സദ്യ നടക്കുന്നതിനിടെ ശബരിമല അടക്കമുള്ള വിഷയങ്ങൾ പറയാൻ തുടങ്ങുമ്പോഴാണ് എതിർപ്പുമായി ഒരു വിഭാഗം രംഗത്തെത്തിയത്. ക്ഷേത്രത്തിൽ രാഷ്ട്രീയ പ്രസംഗം അനുവദിക്കില്ല എന്നായിരുന്നു ഇവരുടെ നിലപാട്.

# പാക്കിസ്ഥാന് മുകളിൽ ഇന്ത്യൻ 'തൃക്കണ്ണ്';

## ശത്രു അനങ്ങിയാൽ അറിയും



**ആകാശ നിരീക്ഷണത്തിൽ 'കാഴ്ചശക്തി' കൂട്ടാനൊരുങ്ങി ഇന്ത്യ.**

**പാക്ക് അധീന കശ്മീരിലെ ഭീകരകേന്ദ്രങ്ങൾ ഉൾപ്പെടെ നിരീക്ഷിക്കുന്നതിനു സഹായകമാകുന്ന റഡാർ ഇമേജിങ് സാറ്റലൈറ്റ് (റിസാറ്റ് 2ബിആർ1) ഐഎസ്ആർഒ മേയ് 22ന് വിക്ഷേപിക്കും.**

# കഞ്ചാവ് മാഫിയ തലവനെ കെട്ടുകെട്ടിച്ച് എക്സൈസ്:



**ദക്ഷിണേന്ത്യയിൽ നിന്ന് പുറം രാജ്യങ്ങളിലേക്കു കഞ്ചാവും ഹാഷിഷ് ഓയിലും കടത്തുന്ന സംഘത്തിന്റെ തലവനായ ഷാജിമോനെന്ന മൂർഖൻ ഷാജിയുടെ സ്വത്തുക്കൾ കണ്ട് കെട്ടി. അടിമാലിയിലെ 2 കെട്ടിടങ്ങളും വസ്തുവുമാണ് കണ്ട് കെട്ടിയത്.**

# എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഇനി ബയോ മെട്രിക് പഞ്ചിങ്; ഉത്തരവിറങ്ങി.



**എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും ശമ്പളവിതരണ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തിയ ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പിലാക്കണമെന്ന് പൊതുഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹയുടെ ഉത്തരവിൽ നിർദേശിക്കുന്നു. അഞ്ചരലക്ഷത്തോളം സർക്കാർ ജീവനക്കാർ ഇതോടെ പഞ്ചിങ് സംവിധാനത്തിന്റെ കീഴിലാകും.**

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 6.55 PM | 6.59 PM | 6.55 PM | 6.55 PM | 6.49 PM | 6.51 PM | 6.51 PM |